കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് അന്വേഷണം

91(383) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ സാമ്പത്തിക തിരിമറി സംബന്ധിച്ചും നിയമനങ്ങളിലെ ക്രമക്കേടുകളെ സംബന്ധിച്ചും വിജിലൻസ് അന്വേഷണം നടത്തുന്നതിന് ഹൈക്കോടതിയിൽ നിന്നോ വിജിലൻസ് കോടതിയിൽനിന്നോ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ:

(ബി) കോടതി നിർദ്ദേശം പാലിച്ചുകൊണ്ട് വിജിലൻസ് വകുപ്പ് നാളിതുവരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ. എങ്കിൽ ഏതുവിധത്തിലുള്ള അന്വേഷണമാണെന്നും അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചോയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) (1) ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരത്തിന്റെ 1-3-2010-ലെ Crl. MP08/10/ECT നമ്പർ ഉത്തരവിൻപ്രകാരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കോഴിക്കോട് സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവ നടത്തിപ്പ് സംബന്ധിച്ച് ഒരു സത്വര പരിശോധന നടത്താൻ ഉത്തരവാകുകയും, അന്വേഷണം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(2) കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച്, 27-11-2010-ലെ ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരത്തിന്റെ Crl.MP.2029/10/ECT നമ്പർ ഉത്തരവിൻ പ്രകാരം ഒരു സത്വര പരിശോധന നടത്താൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനെ തുടർന്നുള്ള നടപടികൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നടന്നുവരുന്നു.

(3) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് റിസർച്ച് ഓഫീസർ ശ്രീ. എൻ. ജയകൃഷ്ണനെതിരായി ഒരു വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും അന്വേഷണം പുരോഗമിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly